ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസ്

172 [1111] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനപരിധിയിൽ നാലു പഞ്ചായത്തു പ്രദേശങ്ങൾ ഉൾപ്പെടുന്നതിനാൽ പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇട്ടിവാ ഗ്രാമ പഞ്ചായത്തിൽ കോട്ടുക്കൽ കേന്ദ്രീകരിച്ച് ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ചോർന്നൊലിക്കുന്ന ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസ് പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അടുത്ത വർഷത്തെ വികസനപരിപാടിയിൽ അതുകൂടി ഉൾപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഈ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(സി) ഈ വർഷത്തെ വികസനപരിപാടിയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭൂമിയുടെ ധാരണാവില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം

173 [1112] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നിലവിൽ ധാരണാവില നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ധാരണാവില നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വ്യാപകമായി ഭൂമി വില കുറച്ചുകാണിച്ച് ഭൂമി രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിലകുറച്ചു കാണിച്ച് രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങൾ രജിസ്ട്രേഷനുശേഷം കേരള മുദ്രപ്പത്രനിയമം 45 ബി (1) വകുപ്പുപ്രകാരം സബ് രജിസ്ട്രാർമാരും 45 ബി (3) പ്രകാരം ജില്ലാ രജിസ്ട്രാർ സമ്മേയാ നടപടി പ്രകാരവും കുറവ് മുദ്രസലയും ഫീസും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

174 [1113] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന.
2. ഇന്ദിര ആവാസ് യോജന.
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന.
4. സമ്പൂർണ്ണ ശുചിത്വയജ്ഞം.
5. സംയോജിത തരിശുഭൂമി വികസന പദ്ധതി/ഹരിയാലി.
6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ.) (100% കേന്ദ്രസഹായം).
7. നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം.

'പുരാ' പദ്ധതി

175 [1114] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമങ്ങളിൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'പുരാ' പദ്ധതിയിൽ കേരളത്തിലെ ഏത്ര സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ 'പുരാ' പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലത്തെ 'പുരാ' പദ്ധതി സംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly